കോവിഡ് വ്യാപനം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ വ്യാപനം നിയന്ത്രിക്കാനായി ജില്ലയിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നു എന്ന് ജില്ലാ പോലാസ് മേധാവി കെ. കാർത്തിക് അറിയിച്ചു.

ജില്ലയിലെ കടകൾ അടക്കമുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും രാവിലെ 7 മണി മുതൽ വൈകിട്ട് അഞ്ച് മണിവരെ മാത്രമേ പ്രവർത്തിക്കാൻ അനുവാദമുള്ളൂ. ഹോട്ടലുകളും റസ്റ്റോറൻറുകളും രാവിലെ 7 മണി മുതൽ രാത്രി 9 മണി വരെ പാഴ്സൽ സൗകര്യങ്ങൾ മാത്രമായി പരിമിതപ്പെടുത്തി പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ. . മേൽ നിയന്ത്രണം ബാറുകൾക്കും കള്ളു ഷാപ്പുകൾക്കും ബാധകമാണ്. വിവാഹങ്ങൾ മരണാനന്തര ചടങ്ങുകൾ തുടങ്ങിയവ കോവിഡ്-19 ജാഗ്രത പോർട്ടലിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവാഹങ്ങളിൽ പരമാവധി 30 ആളുകളും മരണാനന്തര ചടങ്ങുകളിൽ പരമാവധി 20 ആളുകളും മാത്രമേ പങ്കെടുക്കുവാൻ പാടുള്ളു. കുടുംബയോഗങ്ങൾ തുടങ്ങിയ എല്ലാ ഒത്തുചേരലുകളും ജില്ലയിൽ അനുവദിക്കുന്നതല്ല. അമ്യൂസ്മെൻറ് പാർക്കുകൾ, എൻറർടൈൻമെൻറ് പാർക്കുകൾ, ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം അടിയന്തരമായി ജില്ലയിൽ നിർത്തി വെക്കേണ്ടതാണ്. ജിംനേഷ്യം, സമ്പർക്കം ഉണ്ടാക്കുന്ന കായികവിനോദങ്ങൾ ടീം സ്പോർട്സ് ടൂർണമെൻറ്കൾ എന്നിവ ജില്ലയിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിരോധിക്കുന്നു. തിയറ്റർ ഉടമകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ തീയറ്ററുകൾ മേയ് രണ്ടു വരെ പ്രവർത്തിക്കാൻ പാടില്ല. കൂടാതെ സിനിമ ചിത്രീകരണങ്ങളും അടിയന്തരമായി നിർത്തി വെക്കേണ്ടതാണ്. എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകൾ ഒഴികെ മറ്റ് എല്ലാ പരീക്ഷകളും മാറ്റി വയ്ക്കേണ്ടതാണ്. ട്യൂഷൻ സെൻററുകൾ ഓൺലൈൻ മാധ്യമത്തിലൂടെ മാത്രം പ്രവർത്തിക്കേണ്ടതാണ്. സർക്കാർ വകുപ്പുകൾ, സംഘടനകൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് കീഴിലുള്ള എല്ലാ മീറ്റിങ്ങുകളും പരിശീലന പരിപാടികളും ഓൺലൈൻ മുഖേന മാത്രം നടത്തേണ്ടതാണ്.

ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ ഫൈൻ അടക്കമുള്ള ശിക്ഷാനടപടികൾക്ക് പുറമേ ദുരന്തനിവാരണ നിയമം സെക്ഷൻ 51 ,58 എന്നീ വകുപ്പുകൾ പ്രകാരവും തുടർ നടപടി സ്വീകരിക്കുന്നതാണ്.